(ഡി) 25,21,88,425 രൂപ

(ഇ) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(എഫ്) ഇല്ല.

കാസർഗോഡ് ജില്ലയിൽ വ്യാജച്ചാരായം കഴിച്ച് മരിച്ചവർ

38 (1833) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായം നിരോധിച്ചതിനുശേഷം കാസർഗോഡ് ജില്ലയിൽ ആകെ എത്ര പേർ വ്യാജച്ചാരായം കഴിച്ച് മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ വ്യാപകമായി വ്യാജ ചാരായ വിൽപ്പന നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കർണ്ണാടക സംസ്ഥാനത്തു നിന്നും കേരള അതിർത്തി വഴി വ്യാപകമായി വ്യാജച്ചാരായവും സ്പിരിറ്റും കടത്തുന്നതറിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാരായ നിരോധനത്തിനുശേഷം 2003 ജൂൺ മാസത്തിൽ കാഞ്ഞങ്ങാട് എന്ന സ്ഥലത്ത് മീഥൈൽ ആൾക്കഹോൾ കഴിച്ച് 2 പേർ മരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റ് സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) കർണ്ണാടകത്തോട് തൊട്ടുകിടക്കുന്ന ജില്ലയായ കാസർഗോഡ് കർണ്ണാടക പാക്കറ്റ് ചാരായം വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കർണ്ണാടക സംസ്ഥാനത്തു നിന്നും കേരള അതിർത്തി വഴി കടത്തുന്ന സ്പിരിറ്റും വ്യാജച്ചാരായവും എക്സൈസ് ഉദ്യോഗസ്ഥർ കണ്ടു പിടിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതുകൊണ്ട് എക്സൈസ് ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നില്ല എന്ന ആരോപണം ശരിയാണെന്ന് തോന്നുന്നില്ല. ഉദ്യോഗസ്ഥന്മാർ വീഴ്ച വരുത്തിയാൽ ശ്രദ്ധയിൽപ്പെടുമ്പോൾ നടപടികൾ എടുക്കുന്നതായിരിക്കും.

വ്യാപകമായ വ്യാജവാറ്റും വിൽപ്പനയും തടയുവാൻ നടപടി

39 (1834) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ തളികക്കല്ല്, കടപ്പാറ, അംപട്ടിൻതരിസ്, പാലക്കുഴി മേഖലകളിൽ വ്യാപകമായ വ്യാജവാറ്റും വ്യാജമദ്യ വില്പനയും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയാൻ എന്തു നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly